**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1468** **10/02/2020- ൽ മറുപടിയ്ക്ക്**

**വിഷരഹിത പച്ചക്കറികൾ**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| **ശ്രീ.വി.കെ.സി. മമ്മത് കോയ** | | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് വിഷരഹിതമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വിഷരഹിതമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ 'ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും' പദ്ധതിയും കേന്ദ്ര സർക്കാർ 'പരമ്പരാഗത കൃഷി വികാസ് യോജന' പദ്ധതിയും നടപ്പിലാക്കി വരുന്നു. ജൈവകൃഷിയും ഉത്തമ കൃഷി മുറകളും എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി കാർഷിക കോളേജ്, വെള്ളാണിക്കര ഹോർട്ടിക്കൾച്ചർ കോളേജ്, പടന്നക്കാട് കാർഷിക കോളേജ് എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബുകൾ പ്രവർത്തിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നു. പ്രധാനമായും കൃഷിയിടങ്ങൾ, പഴം-പച്ചക്കറി സ്റ്റാളുകൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം - പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് മേൽ പ്രസ്താവിച്ചിട്ടുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബുകളിൽ പരിശോധിച്ച് പരിശോധനാ ഫലം കേരള സർക്കാർ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിൻെറയും വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം പരിശോധനാ ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. റിപ്പോർട്ടുകളിൽ നിന്നും അനുവദനീയമായ അളവിലും (MRL) കൂടുതൽ കീടനാശിനി അവശിഷ്ടം ഉല്പന്നങ്ങളിൽ അടങ്ങിയിട്ടുണ്ടോയെന്നും വ്യക്തമാക്കുന്നു. ഇതു |

പൊതുജനങ്ങളെയും കർഷകരെയും ബോധവൽക്കരിക്കുന്നതിന് സഹായകരമാകുന്നുണ്ട്.

കേരള കാർഷിക സർവ്വകലാശാല പ്രസിദ്ധീകരിച്ച കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ റിപ്പോർട്ട് പ്രകാരം ഇക്കോഷോപ്പിൽ നിന്നും ശേഖരിച്ച പച്ചക്കറി സാമ്പിളുകളിൽ മറ്റുള്ളവയെ അപേക്ഷിച്ച് അവശിഷ്ട വിഷാംശം കുറവാണ്.

പരമ്പരാഗത കൃഷി വികാസ് യോജന (PKVY) പദ്ധതിയിൽ APEDA അംഗീകാരമുള്ള ലാബുകളിൽ പഴം, പച്ചക്കറി ഉൾപ്പെടെ 350 – ൽ അധികം സാമ്പിളുകൾ 2019 – ൽ പരിശോധിക്കുകയും കീടനാശിനി വിമുക്തമെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികളിൽ അമിതമായ തോതിൽ രാസകീടനാശിനി പ്രയോഗം നടത്തിയിട്ടുള്ളവ കേരളത്തിന്റെ അതിർത്തികളിൽത്തന്നെ പരിശോധിച്ച് തടയുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ;

(ബി) കേരളത്തിൻെറ അതിർത്തിയിൽത്തന്നെ പഴം, പച്ചക്കറികൾ പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ നിലവിൽ കൃഷി വകുപ്പിന്റെ കീഴിൽ സംവിധാനങ്ങൾ ഇല്ല. ഈ വിഷയം കൈകാര്യം ചെയ്യുന്നതു ഭക്ഷ്യ സുരക്ഷാ വകുപ്പാണ്.

ഭക്ഷ്യ സുരക്ഷാ വകുപ്പ് ഓണം, റംസാൻ, ക്രിസ്മസ് തുടങ്ങിയ ആഘോഷ വേളകളിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ ഉൾപ്പെടെ പരിശോധനകൾ നടത്തുന്നുണ്ട്.

(സി) സംസ്ഥാനത്ത് ജൈവ പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

(സി) സംസ്ഥാനത്ത് ജൈവ പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം

സംസ്ഥാനത്ത് ജൈവ പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

**1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവ കാർഷിക പ്രവർത്തനങ്ങൾ**

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലസ്റ്ററടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്.

**2. ഇക്കോഷോപ്പുകൾ**

ജൈവ ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ, മറ്റ് ഉല്പാദനോപാധികൾ എന്നിവയുടെ വിപണനത്തിനായി ഇക്കോഷോപ്പുകൾ പ്രവർത്തിച്ചു വരുന്നു.

**3. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം**

ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് ഇതിനോടകം 32 നേരിട്ടുള്ള വിപണികൾ നടപ്പിലാക്കിയിട്ടുണ്ട്.

**4. കാസർഗോഡ് ജില്ലയിൽ പി.ജി.എസ് സർട്ടിഫിക്കേഷൻ**

കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവ കൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ മുഖാന്തിരം പി.ജി.എസ് സർട്ടിഫിക്കേഷൻ നടത്തുന്നുണ്ട്.

**5. സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം അവാർഡ്**

ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജക മണ്ഡലം,, കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നീ തലങ്ങളിൽ മികവിൻെറ അടിസ്ഥാനത്തിൽ അവാർഡുകൾ നൽകുന്നു.

**6. കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന**

സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചക്കറികളിൽ സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കേളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശം ടി ലാബിൽ പരിശോധിക്കുകയും പരിശോധന ഫലം കേരള സർക്കാരിൻെറ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിൻെറയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ വഴി അന്യ സംസ്ഥാന വിഷലിപ്ത പച്ചക്കറികളുടെ ഉപയോഗത്തിന് ഒരു പരിധി വരെ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്.

കൂടാതെ ഹോർട്ടിക്കൾച്ചർ കോളേജ്, വെള്ളാണിക്കര (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസറഗോഡ്) എന്നീ സ്ഥാപനങ്ങളിലും കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബ് പ്രവർത്തിക്കുന്നു.

**7. ഫാം സ്കൂൾ & കർഷകർക്കുള്ള പരിശീലനങ്ങൾ**

ജൈവകൃഷി രീതി കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും വേണ്ടി ഫാം സ്കൂളുകൾ, കർഷകർക്കുള്ള പരിശീലന പരിപാടികൾ എന്നിവ നടപ്പിലാക്കുന്നതിന് 73 ഫാം സ്കൂളുകൾ സംസ്ഥാനത്തുടനീളം സജ്ജമാക്കിയിട്ടുണ്ട്.

**8. സീറോ ബഡ്ജറ്റ് നാച്ചറൽ ഫാമിംഗ്**

"സീറോ ബഡ്ജറ്റ് നാച്ചറൽ ഫാമിംഗ്" എന്ന പുതിയ കൃഷി രീതി കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതിലൂടെ സുസ്ഥിര കൃഷി ചെലവു കുറഞ്ഞ രീതിയിൽ നടപ്പാക്കുന്നതിനും കർഷകരെ സജ്ജമാക്കുന്നതിന് സീറോ ബഡ്ജറ്റ് നാച്ചറൽ ഫാമിംഗിൻെറ പ്രയോക്താവായ പത്മശ്രീ. ശ്രീ. സുഭാഷ് പലേക്കറിൻെറ നേതൃത്വത്തിൽ ശില്പശാല സംഘടിപ്പിച്ചു. നടപ്പ് സാമ്പത്തിക വർഷം ജില്ലാതല വർക് ഷോപ്പ്, എക്സ്പോഷർ വിസിറ്റ്, ബ്ലോക്ക്തല പരിശീലനക്ലാസ്സുകൾ എന്നിവ നടപ്പിലാക്കി വരുന്നു.

**9. കുട്ടനാട് ജി.എ.പി പദ്ധതി**

കുട്ടനാട്ടിലെ പ്രത്യേക പരിസ്ഥിതി - ആവാസവ്യവസ്ഥകൾക്ക് അനുസൃതമായി നെൽ കൃഷിയിൽ നല്ല കൃഷി മുറകൾ പാലിച്ച് സുസ്ഥിര നെൽകൃഷിയ്ക്കുള്ള പദ്ധതികൾ ആവിഷ്കരിച്ച് 2017-18, 2018-19 വർഷങ്ങളിൽ നടപ്പിലാക്കി. കുട്ടനാട്ടിലെ വരിനെല്ലിന്റെ നിയന്ത്രണം, കരിമണ്ണിന്റെ പരിപാലനം, ഇക്കോളജിക്കൽ എൻജിനീയറിംഗ് മുറകൾ, കർഷകർക്കാവശ്യമുള്ള ജൈവ ഉപാധികളുടെ നിർമ്മാണം, ട്രൈക്കോ കാർഡ് നിർമ്മാണവും വിതരണവും, സംയോജിത രോഗ കീടനിയന്ത്രണ മാർഗ്ഗങ്ങൾ, കള നിയന്ത്രണം, വിപണി ഇടപെടൽ, മറ്റു ജൈവ കാർഷിക മുറകൾ ഉൾപ്പെട്ട ഡെമോൺസ്ട്രേഷൻ, കർഷകർക്കുള്ള പരിശീലന പരിപാടികൾ എന്നിവയാണ് നടപ്പിലാക്കിയത്.

**10. പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ)**

ഇത് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. 60:40 അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ജൈവകൃഷി വ്യാപനം നടത്തുന്ന പദ്ധതിയാണിത്. കർഷകർക്കുള്ള ബോധവല്കരണം, ക്ലസ്റ്റർ അംഗങ്ങൾക്കുള്ള പരിശീലന പരിപാടികൾ, ജൈവ ഉല്പാദനോപാധികളുടെ നിർമ്മാണം, ജൈവവളം, ജൈവ കീടനാശിനികൾ എന്നിവയുടെ ഉല്പാദനം, മണ്ണ് പരിശോധന, പി.ജി.എസ് സർട്ടിഫിക്കേഷൻ, ഓർഗാനിക് മേളകൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുക, കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ഇവയാണ് പ്രധാന പ്രവർത്തനങ്ങൾ.

ഇതിനുപുറമേ 2020 ജനുവരി 1 മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസത്തിനുള്ള വിഷവിമുക്ത പച്ചക്കറി സംസ്ഥാനത്തൊട്ടാകെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി 'ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതിക്ക് തുടക്കം കുറിക്കുകയും കാര്യക്ഷമവും സമയ ബന്ധിതവുമായി നടപ്പിലാക്കി വരികയുമാണ്. ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, കുടുംബശ്രീ, ഹരിത കേരള മിഷന്റെ ഉപഘടകമായ സുജലം സുഫലം, കൃഷി വകുപ്പിന്റെ വിവിധ ഏജൻസികളായ വി.എഫ്.പി.സി.കെ., എസ്.എച്ച്.എം., എസ്.എഫ്.എ.സി., തുടങ്ങിയവയുടെ സംയോജനം "ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" പദ്ധതിയുടെ നടത്തിപ്പിന് ഉപയുക്തമാക്കുന്നു. കൂടാതെ കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളായ ആത്മ, ഓർഗാനിക് ഫാമിംഗ്, മാർക്കറ്റിംഗ്, സമഗ്ര പച്ചക്കറി വികസന പദ്ധതി ടി പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നു.

സെക്ഷൻ ഓഫീസർ